**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5561      18.11.2019 ൽ മറുപടിക്ക്

## ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ (ഡി.എച്ച്,എസ്.) കമ്പ്യൂട്ടർവൽക്കരണം കൃത്യമായി നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ കാലതാമസം ഉൾപ്പെടെ നിരവധി പ്രശ്നങ്ങൾ പൊതുജനങ്ങളും ജീവനക്കാരും നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഡയറക്ടറേറ്റിൽ ആധുനിക സോഫ്റ്റ് വെയറും, കമ്പ്യൂട്ടർവത്കരണവും നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഡയറക്ടറേറ്റിൽ ആധുനിക സോഫ്റ്റ് വെയറും, കമ്പ്യൂട്ടർവത്കരണവും നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി 117 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 46 ലക്ഷം രൂപ ഭരണാനുമതി നൽകുകയും തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (സി) | ഡയറക്ടറേറ്റിൽ എത്തുന്ന അപേക്ഷകളും മറ്റും അനന്തമായി കാലതാമസം നേരിട്ടും, ഫയൽതന്നെ നഷ്ടപ്പെട്ടും ഉണ്ടാകുന്ന പ്രതിസന്ധി മറികടക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ;അറിയിക്കാമോ; | (സി) | അപേക്ഷകളുടെ ബാഹുല്യം കാരണം ചില വിഭാഗങ്ങളിൽ ചെറിയ കാലതാമസം ഉണ്ടാകുന്നുണ്ടെങ്കിലും ഫയലുകൾ നഷ്ടപ്പെടുന്ന സാഹചര്യം നിലവിലില്ല. വളരെ പരിമിതവും ലഭ്യമായതുമായ വിഭവശേഷിയും അടിസ്ഥാന സൗകര്യങ്ങളും ഉപയോഗിച്ച് കാലതാമസം പരമാവധി ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഡി.എച്ച്,എസ്.ലെ ഫയലുകൾ തീർപ്പാക്കാനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും, സുതാര്യമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ? | (ഡി) | പെന്റിംഗ് ഫയലുകൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കുന്നതിനായി ഫയൽ അദാലത്തുകൾ സംഘടിപ്പിച്ച് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ കമ്പ്യൂട്ടർവൽക്കരണം പൂർണ്ണമായതോതിൽ നടപ്പിലാക്കുമ്പോൾ ഇക്കാര്യത്തിൽ ഒരു ശാശ്വത പരിഹാരം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |

Hari

സെക്ഷൻ ഓഫീസർ